കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് -2018-19 വർഷം തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി KEL എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം. 1441 / 2019/ തസ്വഭവ തിരുവനന്തപുരം, തീയതി, 10.07.2019.

---

പരാമർശം : 1) പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.12.2018 ലെ A4-6727/18 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 28.05.2019 ലെ ജെ1-20909/2018 നമ്പർ കത്ത്.

3) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019 ലെ 4.23 20.06.2019 ലെ 2.2(4.23) നമ്പർ യോഗതീരുമാനം

**ഉത്തരവ്**

പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം തെരുവ് വിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനമായ KEL പഞ്ചായത്തുമായി കരാറിലേർപ്പെടുകയും , പ്രവൃത്തി പൂർത്തീകരിക്കുകയും അംഗീകരിച്ച നിരക്ക് പ്രകാരമുള്ള 1467500/- രൂപ ലഭിക്കുന്നതിന് KEL ബിൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തു. ഭരണസമിതി അംഗീകാരത്തിനായി സമർപ്പിയ്ക്കുന്നതിനിടയിലാണ് പി.എം.സി മാത്രമായ KEL ന് പൂർണ്ണമായ പ്രവൃത്തി ഏറ്റെടുക്കുന്നതിന് അധികാരമില്ലെന്ന വിവരം ശ്രദ്ധയിൽപെട്ടതെന്നും ആയതിനാൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി KEL എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ നടപടി സാധൂകരിക്കണമെന്നും പരാമർശം (1) പ്രകാരം പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം(2) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. നടപടിക്രമം ലംഘിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി KEL എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്ന് യോഗം വിലയിരുത്തുകയും ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന നിബന്ധനയോടെ പരാമർശം (2) ലെ പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി KEL എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
പ്രസിഡന്റ്/സെക്രട്ടറി, പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, സംസ്ഥാനറിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ